## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*88.** **28.02.2018 ൽ മറുപടിയ്ക്ക്**

## യുവാക്കളിൽ വർദ്ധിച്ച വരുന്ന ലഹരി ഉപയോഗം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എം.മുകേഷ്<br>പ്രൊഫ.കെ.യു.അരുണൻ<br>ശ്രീ.കെ.സുരേഷ് കുറുപ്പ്<br>ശ്രീ.ബി.സത്യൻ | | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | യുവജനങ്ങളുടെ ഇടയിൽ ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സ്കൂൾ, കോളേജ് പരിസരങ്ങൾ കേന്ദ്രീകരിച്ച് മദ്യം, മയക്കമരുന്നുകൾ, പുകയില ഉത്പന്നങ്ങൾ തുടങ്ങിയ ലഹരി പദാർത്ഥങ്ങളുടെ വിപണനം, ഉപയോഗം എന്നിവ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിദ്യാർത്ഥികളെ ഇത്തരം പദാർത്ഥങ്ങളുടെ വാഹകരായി ഉപയോഗിക്കുന്നത് വളരെ ഗുരുതരമായ സാമൂഹ്യ പ്രശ്നമായാണ് സർക്കാർ കാണുന്നത്. ഇത്തരം അനാരോഗ്യ സാമൂഹ്യ വിരുദ്ധ പ്രവണതകൾ തടയുന്നതിന് ശക്തമായ പ്രവർത്തനങ്ങൾ എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തി വരുന്നു. |
| (ബി) | ഈ സാഹചര്യത്തിൽ, ഇതു സംബന്ധിച്ച് ശക്തമായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) | മദ്യം, മയക്കമരുന്നുകൾ തുടങ്ങിയ ലഹരി പദാർത്ഥങ്ങളുടെ വിപണനം, ഉപയോഗം തുടങ്ങിയ വിപത്തുകൾ തടയുന്നതിന് 'എക്സൈസ് ഷാഡോ' സംവിധാനവും ഇൻറലിജൻസ് വിഭാഗവും ശക്തമായ പ്രവർത്തനം നടത്തിവരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലഹരിവിരുദ്ധ ക്ലബ്ബുകളുടെയും പി.റ്റി.എ.യുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ ലഹരി വിരുദ്ധ ബോധവത്കരണ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമീപം ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾ നടക്കാനിടയുള്ള സ്ഥലങ്ങളിൽ കർശന പരിശോധനകൾ നടത്തി കുറ്റക്കാർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. വിദ്യാർത്ഥികൾക്ക് മയക്കമരുന്നും പുകയില ഉൽപ്പന്നങ്ങളും എത്തിച്ച് നൽകുന്നവർക്കെതിരെ നിലവിലുള്ള നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി സാധ്യമായ |

| | | | |
|---|---|---|---|
| | | | പരമാവധി ശിക്ഷ നൽകുന്ന രീതിയിൽ പഴുതുകളില്ലാത്ത നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. യുവജനങ്ങളെയും വിദ്യാർത്ഥികളെയും ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങൾ ബോദ്ധ്യപ്പെടുത്തി വ്യാപകമായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക എന്നുള്ളതാണ് കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി'-യുടെ പരമപ്രധാനമായ ലക്ഷ്യം. സ്കൂൾ, കോളേജ് അടക്കം എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും 'ലഹരി വിരുദ്ധ ക്ലബ്ബുകൾ' രൂപീകരിക്കുന്നതും ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ സജീവമാക്കുന്നതും വിമുക്തിയുടെ ഉദ്ദേശലക്ഷ്യമാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിലവിൽ 2542 ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നതും നാളിതുവരെ 1385-ഓളം പരാതിപ്പെട്ടികൾ സ്ഥാപിച്ചിട്ടുള്ളതുമാണ്. |
| (സി) | ഈ രംഗത്ത് ലഹരി വർജ്ജന മിഷനായ 'വിമുക്തി'യുടെ പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (സി) | ലഹരിക്കെതിരെ കായിക ലഹരി എന്ന സന്ദേശം ഉയർത്തിപ്പിടിച്ചുകൊണ്ട് കുട്ടികളെയും യുവാക്കളെയും കായികരംഗത്തേയ്ക്ക് കൈപിടിച്ചു നയിക്കുന്നതിനായുള്ള പ്രവർത്തണങ്ങളും ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്ത്-വാർഡ് തലം വരെയുള്ള പ്രവർത്തനങ്ങൾ റസിഡൻസ് അസോസിയേഷനുകൾ, ലൈബ്രറി കൗൺസിൽ, ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബുകൾ, കുടുംബശ്രീ തുടങ്ങിയവയുമായി സഹകരിച്ച് ജനങ്ങൾക്കിടയിൽ ബോധവത്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് ബൃഹത്തായ പദ്ധതിയും തയ്യാറാക്കിയിട്ടുണ്ട്. ലഹരിയ്ക്ക് അടിമപ്പെട്ടവരെ കൗൺസിലിംഗിലൂടെയും അവശ്യമായ ചികിത്സ നല്കിയും സാധാരണ ജീവിതത്തിലേയ്ക്ക് മടക്കിക്കൊണ്ടു വരുന്നതിനായുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. വിമുക്തി മിഷന്റെ ഭാഗമായി ആരോഗ്യവകുപ്പുമായി സഹകരിച്ച് കേരളത്തിലെ പതിനാലു ജില്ലകളിലും ഡീ-അഡിക്ഷൻ സെൻററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് രണ്ടിടങ്ങളിലായി രാവിലെ എട്ടു മണി മുതൽ രാത്രി എട്ടുമണി വരെ ടോൾ ഫ്രീ നമ്പറിലുള്ള ടെലഫോൺ വഴിയും ആവശ്യമെങ്കിൽ നേരിട്ടും കൗൺസിലിങ് ലഭ്യമാകുന്ന തരത്തിൽ രണ്ട് കൗൺസിലിംഗ് സെൻററുകൾ ആരംഭിക്കുന്നതിനും പദ്ധതിയുണ്ട്. |

| | | | |
|---|---|---|---|
| | | | കോഴിക്കോട് ജില്ലയിലെ കിനാലൂരിൽ ആരംഭിക്കവാനുദ്ദേശിക്കുന്ന ഡീ-അഡിക്ഷൻ സെൻറർ അന്താരാഷ്ട്ര നിലവാരത്തിലുള്ളതും നിംഹാൻസ് മാതൃകയിലും ആയിരിക്കും. |
| (ഡി) | 'വിമുക്തി'യുടെ ഭാഗമായി സർക്കാർ ആശുപത്രികളോട് ചേർന്ന് ഡീ അഡിക്ഷൻ സെന്ററുകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാമാണ് ഇവ ആരംഭിക്കുന്നത്; വിശദാംശം നൽകുമോ? | (ഡി) | കേരളത്തിലെ പതിനാലു ജില്ലകളിലും ആരോഗ്യ വകുപ്പുമായി സഹകരിച്ച് കൊണ്ട് ഡീ-അഡിക്ഷൻ സെൻററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. നിലവിൽ ആരോഗ്യ വകുപ്പ് സമർപ്പിച്ചിരിക്കുന്ന പ്രൊപ്പോസൽ പ്രകാരം നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന ആശുപത്രികൾ ചുവടെ ചേർക്കുന്നു.<br>1) താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, നെടുംങ്ങോലം, കൊല്ലം.<br>2) താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, ചാലക്കുടി, തൃശ്ശൂർ<br>3) താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, പയ്യന്നൂർ, കണ്ണൂർ.<br>4) ജനറൽ ആശുപത്രി, പാല, കോട്ടയം.<br>5) ജനറൽ ആശുപത്രി, ആലുവ, എറണാകുളം.<br>6) ഡിസ്ട്രിക്ക് ആശുപത്രി, മാവേലിക്കര, ആലപ്പുഴ<br>7) ജനറൽ ആശുപത്രി, നെയ്യാറ്റിൻകര, തിരുവനന്തപുരം.<br>8) ജനറൽ ആശുപത്രി, കൽപ്പറ്റ, വയനാട്.<br>9) താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, റാന്നി, പത്തനംതിട്ട.<br>10) പ്രൈമറി ഹെൽത്ത് സെൻറർ, അഗളി, പാലക്കാട്. |

സെക്ഷൻ ഓഫീസർ